# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84 — 12.06.2013 ൽ മറുപടിക്ക്

### ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ഒരു സമഗ്ര പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി. ശ്രേയാംസ് കുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഒരു സമഗ്ര പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് സമഗ്രമായ രീതിയിൽ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്ന കാര്യം സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല. ഈ അടുത്ത വർഷങ്ങളിൽ പ്രധാന പകർച്ചവ്യാധികളായ ഡെങ്കിപ്പനി, എലിപ്പനി കൂടാതെ സ്ക്രബ് ടൈഫസ് എന്നിവയെപ്പറ്റി മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവും ആരോഗ്യ വകുപ്പും ചേർന്ന് പഠനം നടത്തിയിട്ടുണ്ട്. ഹെപ്പറ്റൈറ്റിസ് ബി രോഗത്തെപ്പറ്റി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസുമായി ചേർന്നും ഡെങ്കിവൈറസിന്റെ ജനിതകമാറ്റത്തെ സംബന്ധിച്ച് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുമായി ചേർന്നും പഠനങ്ങൾ നടന്നു വരുന്നു. |
| (ബി) രോഗചികിൽസയ്ക്ക് ഊന്നൽ നൽകുക എന്നതിനപ്പുറമായി രോഗ നിർമ്മാർജ്ജനത്തിനു ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) കേന്ദ്ര ഗവൺമെന്റിന്റെ രോഗ നിർമ്മാർജ്ജനത്തിനും പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള പദ്ധതികൾ വഴി പോളിയോ, ക്ഷയം, കുഷ്ഠരോഗം, കൊതുകുജന്യരോഗങ്ങൾ, മറ്റു പകർച്ചവ്യാധികൾ തുടങ്ങിയവ നിർമ്മാർജ്ജനം ചെയ്യുവാനും നിയന്ത്രിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരികയാണ്. രോഗചികിൽസയോടൊപ്പം രോഗ പ്രതിരോധത്തിന് ഊന്നൽ നൽകി വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ഓരോ വർഷവും ജനുവരി മാസം മുതൽ തന്നെ ചിട്ടയോടെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മഴക്കാലപൂർവ്വ ശുചീകരണം, ഗൃഹസർവ്വേ, രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം, |

കൊതുകിന്റെ ഉറവിട നശീകരണത്തിന് "ഡ്രൈ ഡേ" ആചരണം, കൊതുക് കൂത്താടി നശീകരണ പ്രവർത്തനങ്ങൾ, ക്ലോറിനേഷൻ, ജലഗുണ നിലവാര പരിശോധന, ബോധവൽക്കരണം തുടങ്ങിയവയാണ് പ്രധാന പ്രതിരോധ പ്രവർത്തനങ്ങൾ. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഴിയും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ വഴിയും ചികിൽസയോടൊപ്പം പ്രതിരോധ പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്.

പൊതുജനാരോഗ്യ നിയമപ്രകാരം പകർച്ചവ്യാധികൾക്കുള്ള സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടികൾ എടുക്കുന്നുണ്ട്.

ജീവിതശൈലീരോഗങ്ങളായ പ്രമേഹം, രക്താതി സമ്മർദ്ദം, ഹൃദ്രോഗം, ക്യാൻസർ, പക്ഷാഘാതം എന്നീ രോഗങ്ങളെ കണ്ടെത്തുവാനും ചികിൽസിക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് അമൃതം ആരോഗ്യം എന്ന പേരിൽ ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വ്യായാമം, ആഹാരക്രമം, ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളിലും പ്രമേഹം, രക്താതി സമ്മർദ്ദം, ബോഡിമാസ്സ് ഇൻഡക്സ് (BMI) എന്നിവയുടെ സ്ക്രീനിംഗ് നടത്തുന്നതിനും കുഴപ്പമുണ്ടെന്ന് കണ്ടെത്തുന്നവരെ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ തലങ്ങളിൽ തന്നെ ചികിൽസിക്കുന്നതിനും അവർക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ശരിയായ ആഹാരക്രമം, ചിട്ടയായ വ്യായാമം, മദ്യപാനം, പുകവലി എന്നീ ശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സംസ്ഥാനത്തെ എല്ലാ സബ്സെന്റർ തലം വരെയും നടത്തി വരുന്നു. ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ, മെഡിക്കൽ ആഫീസർ, ഡയറ്റീഷ്യൻ എന്നിവർ ഈ ദൗത്യം നടപ്പിലാക്കിവരുന്നു. ഇതിന് അവർക്ക് ആവശ്യമായ പരിശീലനം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പുകയില വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്താനും കൊഴുപ്പ് രഹിത

| | |
|---|---|
| | ഭക്ഷണങ്ങളുടെ പ്രചാരണത്തിനും, വ്യായാമം, യോഗ എന്നിവ സ്കൂൾ തലം മുതൽ പ്രചരിപ്പിക്കുവാനുമുള്ള പദ്ധതികൾ അമൃതം ആരോഗ്യ പദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) പകർച്ചവ്യാധികളുടെ സൂചന കണ്ടു തുടങ്ങുമ്പോൾ തന്നെ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കാൻ എന്തൊക്കെ കർമ്മപരിപാടികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ? | (സി) ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വേലൻസ് പ്രോഗ്രം (IDSP) വഴി ഓരോ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും, സി.എച്ച്.സി.കൾ, ആശുപത്രികൾ, സബ്സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നും പനിയുടെയും പകർച്ചവ്യാധികളുടെയും വിവരങ്ങൾ ആഴ്ചതോറും ശേഖരിച്ചു വരുന്നുണ്ട്. ഇതുകൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ദിവസേനയും പനിയെപ്പറ്റിയും മറ്റ് പകർച്ചവ്യാധികളെപ്പറ്റിയുമുള്ള വിവരങ്ങൾ ലഭിക്കുന്നുണ്ട്. ഇത് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ജില്ലാ മെഡിക്കൽ ആഫീസിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും വിശകലനം നടത്തി രോഗങ്ങൾ വരാൻ സാധ്യത മനസ്സിലാക്കി ബന്ധപ്പെട്ടവർക്ക് സത്വര നടപടികൾക്ക് ഉടൻ നിർദ്ദേശങ്ങൾ നല്കി വരുന്നു. കൂടാതെ രോഗ സൂചനകൾ അഥവാ ഏർലി വാർണിംഗ് സിഗ്നൽസ് പ്രത്യേകമായി റിപ്പോർട്ട് ചെയ്യും നടപടി എടുക്കുന്നുണ്ട്. കൊതുകുകളുടെ സർവ്വെ നടത്തി "ഹൈറിസ്ക്" പ്രദേശങ്ങൾ കണ്ടുപിടിച്ച് അവിടെയും നിയന്ത്രണ നടപടികൾ നടത്തിവരുന്നു. രോഗം പൊട്ടിപ്പുറപ്പെടുന്നതായി കണ്ടാൽ ആരോഗ്യ വകുപ്പിലെ ജീവനക്കാർ അവിടെ സന്ദർശിച്ച് രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ